2025
July 1
Tuesday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# ഹോണസ്റ്റി ഷോപ്പ് നാലാം വർഷത്തിലേക്ക്



വായാട്ടുപറമ്പ് യു.പി സ്കൂളിൽ വിദ്യാർത്ഥികൾ തന്നെ വിജയകരമായി നടത്തിക്കൊണ്ടുപോകുന്ന ഹോണസ്റ്റി ഷോപ്പ് നാലാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. വിദ്യാർത്ഥികൾക്കാവശ്യമായ വിവിധ പഠനോപകരണങ്ങളാണ് ഷോപ്പിൽ ലഭ്യമാക്കുന്നത്.സ്കൂൾ കോമ്പൗണ്ടിൽനിന്ന് കുട്ടികൾ പുറത്തുപോകാതിരിക്കുന്നതിനും, സ്കൂളിന്റെ അച്ചടക്കം നിലനിർത്തുന്നതിനും,ചെറുപ്പത്തിൽ തന്നെ സത്യസന്ധത പരിശീലിക്കുന്നതിനും ഈ ഷോപ്പ് കുട്ടികളെ സഹായിക്കുന്നു.

ഏഴാം ക്ലാസിൽ നിന്ന് തെരഞ്ഞെടുക്കപെട്ട വിദ്യാർഥികളാണ് ഷോപ്പ് നിയന്ത്രിക്കുന്നത്. സയനാസ് ടീച്ചറാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. ക്ലാസ് ടെസ്റ്റിനും, യൂണിറ്റ് ടെസ്റ്റിനുമാവശ്യമായ പരീക്ഷാ പേപ്പറുകളും, വിഷയാടിസ്ഥാനത്തിലുള്ള വിവിധ പ്രൊജക്ടുകൾക്കാവശ്യമായ സാധനസാമഗ്രികളും ഇവിടെ ലഭ്യമാണ്. മിഠായികളും, മധുരപലഹാരങ്ങളും, മറ്റ് ഭക്ഷണ സാധനങ്ങളും ഈ ഷോപ്പിൽ ലഭ്യമാക്കാറില്ല.

## Happy Birthday





2025
July 2
Wednesday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# മഴക്കാലരോഗങ്ങൾ



## കുട്ടികൾ ജാഗ്രത പുലർത്തുക

മഴക്കാലത്ത് പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം കുട്ടികളിൽ ജലദോഷത്തിനും പനിക്കും കാരണമാകുന്നുണ്ട്. കെട്ടിക്കിടക്കുന്ന വെള്ളം ഡെങ്കിപ്പനിയും, മലേറിയയും പരത്തുന്ന കൊതുകുകളുടെ പ്രജനനകേന്ദ്രമായി വർത്തിക്കുന്നുണ്ട്.മലിനമായ ഭക്ഷണവും,വെള്ളവും ഗ്യാസ്ട്രോഎൻറൈറ്റിസ് ഉണ്ടാക്കുകയും ഛർദ്ദി, വയറിളക്കം, നിർജ്ജലീകരണം എന്നിവയിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്.ടൈഫോയ്ഡ് ബാക്ടീരിയ മലിനമായ ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും പടരുന്നു,

ജലജന്യരോഗങ്ങൾ തടയാൻ തിളപ്പിച്ചതോ അരിച്ചെടുത്തതോ ആയ വെള്ളം എപ്പോഴും കുടിക്കണം. കൊതുക് കടികളിൽ നിന്ന് സംരക്ഷിക്കാൻ കൊതുക് വലകളും, റിപ്പല്ലന്റുകളും ഉപയോഗിക്കണം. വെള്ളം കെട്ടിക്കിടക്കാതിരിക്കാൻ പരിസരം വൃത്തിയായി സൂക്ഷിക്കണം. പ്രതിരോധശേഷി വർധിപ്പിക്കാൻ പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കണം. ഫംഗസ് അണുബാധ തടയാൻ ഉണങ്ങിയ വസ്ത്രങ്ങൾ ധരിക്കണം. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ വീട്ടിൽ പാകം ചെയ്ത ഭക്ഷണം കഴിക്കണം.

2025
July 4
Friday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

## പുതുമകളുമായി നമ്മുടെ

# Schoolwiki

**വായാട്ടുപറമ്പ എസ് ജെ യു പി സ്കൂൾ**






Schoolwiki
https://schoolwiki.in

വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ,എന്റെഗ്രാമം,സ്കൂൾ പത്രം,ലഹരിവിരുദ്ധ ദിനാചരണം, കുഞ്ഞെഴുത്തുകൾ തുടങ്ങിയ തലക്കെട്ടുകളിലാണ് സ്കൂൾ വിക്കിയിൽ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.അക്കാദമിക്ക് മാസ്റ്റർ പ്ലാനിൽ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള എല്ലാ വിഷയങ്ങളുടെയും 2025 -26 വർഷത്തെ മാസ്റ്റർ പ്ലാൻ പി.ഡി.എഫ് ഫയലായി അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഈ അധ്യയന വർഷത്തെ സ്കൂൾ പ്രവർത്തനങ്ങൾ സ്കൂൾ വിക്കിയിൽ ഉൾചേർക്കുന്നത് മിനു ജോർജ് ടീച്ചറാണ്.

'എന്റെ ഗ്രാമം' എന്നതിൽ സ്കൂളിനെക്കുറിച്ചുള്ള പൊതുവായ എല്ലാ വിവരങ്ങളും,'Say No to Drugs' ൽ ലഹരിവിരുദ്ധ ദിനാചരണത്തിൽ നടത്തിയ വിവിധ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സ്കൂൾ പത്രത്തിൽ ദിവസേനയുള്ള നമ്മുടെ 'Daily Express' ചേർത്തിട്ടുണ്ട്. കുഞ്ഞെഴുത്തുകളിൽ കുട്ടികളുടെ സർഗ്ഗാത്മകമായ രചനകളും, ചിത്രങ്ങളും ഉൾപെടുത്താവുന്നതാണ്. ഇന്റർനെറ്റിൽ നമ്മുടെ സ്കൂളിന്റെ പേര് / സ്കൂൾ കോഡ് (13774) നൽകി പരിശോധിച്ചാൽ സ്കൂൾ വിക്കിയിൽ പ്രവേശിക്കാവുന്നതാണ്.

Happy Birthday



2025
July 5
Saturday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# ബഷീർ ദിനാചരണം



ബഷീറും കഥാപാത്രങ്ങളും

വായാട്ടുപറമ്പ് യു.പി സ്കൂളിൽ ബഷീർ ദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.ബഷീർ ദിന സന്ദേശം, ബഷീർ കഥാപാത്രങ്ങളുടെ ആവിഷ്കാരം, പ്രസംഗം, ബാല്യകാലസഖി പുസ്തക പരിചയം,ജീവചരിത്ര അവതരണം,കവിതാലാപനം തുടങ്ങിയ വിവിധ പരിപാടികൾ വിദ്യാർഥികൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിച്ചു. ഒറ്റക്കണ്ണൻ പോക്കർ, മണ്ടൻ മുത്താപ്പ,സൈനബ, മജീദ്,എട്ടുകാലി മമ്മൂഞ്ഞ്,പാത്തുമ്മ,സാറാമ്മ തുടങ്ങിയ ബഷീർ കഥാപാത്രങ്ങളുടെ രംഗാവിഷ്കാരം കുട്ടികൾക്ക് ഹൃദ്യമായ അനുഭവമായി.

എൽ.പി വിഭാഗത്തിലെ ക്വിസ്, ചിത്രരചന, യു.പി വിഭാഗത്തിലെ ബഷീറിന് ഒരു കത്ത് , ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ പി.ടി.എ പ്രസിഡണ്ട് അജേഷ് പി.പി, മദർ പി.ടിഎ പ്രസിഡണ്ട് ജിഷമോൾ കെ. ജെ എന്നിവർ വിതരണം ചെയ്തു. ബഷീറായി വേഷമിട്ട വിദ്യാർത്ഥി ദിനാചരണ പരിപാടികളിലെ താരമായി. ബഷീർ ദിനത്തിൽ 3,4 ക്ലാസിലെ കുട്ടികളുടെ ടാലന്റ് ഷോ വേദിയിൽ അരങ്ങേറി. തെരെസ ടീച്ചറും, സിമി ടീച്ചറുമാണ് ദിനാചരണ പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

2025
July 7
Monday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# TALENT SHOW

## Std III & IV



വായാട്ടുപറമ്പ് യു.പി സ്കൂളിൽ മൂന്ന്,നാല് ക്ലാസുകളുടെ ടാലന്റ് ഷോ ബഷീർ ദിനത്തിൽ സാഘോഷം സംഘടിപ്പിച്ചു. ആ ക്ലാസുകളിലെ പരമാവധി വിദ്യാർത്ഥികൾ വിവിധയിനങ്ങളിലായി ഷോയിൽ പങ്കെടുത്തു. സിനിമാറ്റിക് ഡാൻസ്, നാടൻ പാട്ടുകൾ, വിവിധ ഡാൻസുകൾ,ഗ്രൂപ്പ് സോങ് തുടങ്ങി ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വിവിധ പരിപാടികൾ ക്ലാസ്സ് ടാലന്റ് ഷോയിൽ അരങ്ങേറി.ഇത് കൂടാതെ ഡിവിഷൻ അടിസ്ഥാനത്തിൽ സർഗ്ഗവേള ക്രമീകരിക്കാറുണ്ട്.

കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത വിധത്തിലാണ് അധ്യാപകർ പ്രോഗ്രാമുകൾക്ക് പ്രാക്ടീസ് നൽകിയത്.വിദ്യാർത്ഥികൾക്ക് തങ്ങളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കുവാൻ പരമാവധി അവസരം നൽകുന്നതിനാണ് ക്ലാസ് അടിസ്ഥാനത്തിൽ ടാലൻറ് ഷോ ക്രമീകരിച്ചിരിക്കുന്നത്. ക്ലാസ് അധ്യാപകരായ മോളി ജോസഫ്, ആൻ മാത്യു,ജോതസ ജോസ്, സോഫിയ സെബാസ്റ്റ്യൻ, ജെസ്ന ജേക്കബ് എന്നിവരാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

Birthday





2025
July 8
Tuesday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# അവധിക്കാല പഠനപ്രവർത്തന വിജയികൾക്ക് സമ്മാനങ്ങൾ

ജൂൺ മാസത്തിൽ വിദ്യാർത്ഥികളുടെ പഠനപ്രവർത്തന നോട്ട് ബുക്ക് അധ്യാപകർ പരിശോധിച്ച്, എല്ലാ വിഷയത്തിന്റെയും പഠനപ്രവർത്തനങ്ങൾ ഭംഗിയായി പൂർത്തിയാക്കിയ വിദ്യാർത്ഥികളെ കണ്ടെത്തിയാണ് സമ്മാനങ്ങൾ നൽകിയത്. സ്കൂൾ അസംബ്ലിയിൽ വെച്ച് ഒരു ക്ലാസ്സിലെ വിദ്യാർഥികൾക്കുള്ള സമ്മാനങ്ങൾ ഔദ്യോഗികമായി കൈമാറി.ബാക്കി ക്ലാസുകളിലെ കുട്ടികളെ അധ്യാപകർ ക്ലാസ്സ് തലത്തിൽ അഭിനന്ദിക്കുകയും,സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

ഏപ്രിൽ,മെയ് മാസങ്ങളിൽ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി അവധിക്കാലപഠന പ്രവർത്തനങ്ങൾ നൽകിയിരുന്നു.ഏപ്രിൽ 1 മുതൽ മെയ് 31 വരെ ഒരു ദിവസം ഒരു പ്രവർത്തനമാണ് വിദ്യാർത്ഥികൾക്ക് നൽകിയത്. ഒരു വിഷയത്തിന് പത്ത് ദിവസം എന്ന ക്രമത്തിൽ ആറു വിഷയങ്ങൾ ഉൾപ്പെടുത്തിയ പഠന പ്രവർത്തനങ്ങളാണ് യു. പി തലത്തിൽ നൽകിയത്. പരിസ്ഥിതി ദിനത്തിലെ ക്ലാസ് തല വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

Happy Birthday





2025 July 10 Thursday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# മധുരം മലയാളം പദ്ധതി ഉദ്ഘാടനം



വിദ്യാർത്ഥികളിലെ വായന ശീലവും,മാതൃഭാഷാസ്നേഹവും വളർത്തുന്നതിനായി മാതൃഭൂമി സംഘടിപ്പിക്കുന്ന മധുരം മലയാളം പദ്ധതി വായാട്ടുപറമ്പ് യു.പി സ്കൂളിൽ ഉദ്ഘാടനം ചെയ്തു. സ്കൂളിലെ പൂർവ്വവിദ്യാർത്ഥി സംഘടനയായ വളപ്പൊട്ടുകളാണ് ഈ പദ്ധതി സ്പോൺസർ ചെയ്തത്. സ്കൂൾ ആരംഭത്തിൽ നിർധനരായ വിദ്യാർഥികൾക്ക് വിവിധ പഠനോപകരണങ്ങൾ അടങ്ങിയ പഠനകിറ്റുകൾ വളപ്പൊട്ടുകൾ വിതരണം ചെയ്തിരുന്നു.

മാതൃഭൂമി റിപ്പോർട്ടർ മോഹനൻ അലോറ വിദ്യാർത്ഥികളുമായി സംവദിക്കുകയും, വായനയുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിക്കുകയും ചെയ്തു. വളപ്പൊട്ടുകളുട ട്രഷറർ സുനിൽ കീഴാരം, ജോയിന്റ് സെക്രട്ടറി മനു ഫ്രാൻസിസ്, കമ്മിറ്റി അംഗങ്ങൾ ജോസഫ് എം വി,(കുഞ്ഞേട്ടൻ ),സജയ് ഇടമറ്റം, പ്രധാനാധ്യാപകൻ ബെന്നി പുത്തൻനട, അധ്യാപകൻ ടിജോ മാത്യു എന്നിവർ സംസാരിച്ചു.

Happy Birthday



2025
July 11
Friday

DAILY EXPRESS
St.Joseph's U.P School Vayattuparamba

# ബഷീർ ദിനാചരണം മത്സര വിജയികൾ

ബഷീർ ദിനാചരണത്തോടനുബന്ധിച്ച് എൽ.പി, യു പി തലങ്ങളിലായി വിവിധ മത്സരങ്ങൾ നടത്തിയിരുന്നു.

സ്കൂൾ അസംബ്ലിയിൽ വച്ച് സ്കൂൾ തല മത്സരവിജയികൾക്ക് പ്രധാനാധ്യാപകൻ സമ്മാനങ്ങൾ വിതരണം ചെയ്തു.




**എൽ.പി ക്വിസ് മത്സരവിജയികൾ**



**ബഷീർ ചിത്രരചന മത്സരവിജയികൾ**



**ബഷീറിന് ഒരു കത്ത് മത്സരവിജയികൾ**



**യു.പി ക്വിസ് മത്സരവിജയികൾ**

## സ്കൂളിന് ബഷീർ ചിത്രം സമ്മാനിച്ച് ടിജോ സാർ



നമ്മുടെ സ്കൂളിലെ അധ്യാപകനായ ടിജോ സാർ വളരെ മനോഹരമായ രീതിയിൽ വരച്ച ബഷീർ ചിത്രം

Happy Birthday



2025 July 14 Monday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# സ്കൂൾതല മേള




വായാട്ടുപറമ്പ് യു.പി സ്കൂളിൽ ശാസ്ത്ര,ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര,പ്രവൃത്തി പരിചയ സ്കൂൾതല മേളകൾ ഇന്ന് നടന്നു. പ്രധാനാപകൻ ബെന്നി പുത്തനട മേളകളുടെ ഉദ്ഘാടനം നിർവഹിച്ചു. വിവിധ ക്ലാസുകളിലെ പഠന പ്രവർത്തനങ്ങളെ ആസ്പദമാക്കിയാണ് പ്രദർശനം ഒരുക്കിയത്. സോഷ്യൽ സയൻസ് - സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ സയൻസ് - സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, എക്സ്പീരിമെന്റ് ഗണിതം- സ്റ്റിൽ മോഡൽ, നമ്പർ ചാർട്ട്,ജോമേട്രിക്കൽ ചാർട്ട്, പസിൽസ്, ഗെയിംസ് തുടങ്ങിയ ഇനങ്ങളിലാണ് മേളകൾ ക്രമീകരിച്ചത്. മൂന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ മേളകളിൽ പങ്കെടുത്തു.ശ്രദ്ധേയമായ വിവിധ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ മേളയിൽ അവതരിപ്പിച്ചു.സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും മേളകൾ സന്ദർശിക്കാനുള്ള പ്രത്യേക സൗകര്യമൊരുക്കിയിരുന്നു.

2025 July 15 Tuesday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# STARS OF THE MONTH

## JUNE 2025

Monthly Test ന്റെ മാർക്കുകളും, പാഠ്യേതര പ്രവർത്തനങ്ങളിലെ മികവുകളും പരിഗണിച്ചാണ് ക്ലാസ്സ് അധ്യാപകരടങ്ങുന്ന സമിതി Stars നെ കണ്ടെത്തിയത്.

ഓരോ ക്ലാസ്സിൽ നിന്നുമുള്ള Star of the Month ന് സ്കൂൾ അസംബ്ലിയിൽ വെച്ച് പ്രധാനാധ്യാപകൻ ബെന്നി പുത്തൻനട മൊമെന്റോകൾ വിതരണം ചെയ്തു.

### STD I



Anaya Rose Meljo

### STD II



Savio Jinson

### STD III



Muhammed Sahal K S

### STD IV



Anupriya Biju

### STD V



Aarav M

### STD VI



Tosh Christy

### STD VII



Nida Muhammed P

2025
July 16
Wednesday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# പി.ടി.എ ഭാരവാഹികൾ 2025-26

2025 ജൂൺ 25ന് നടന്ന പി.ടി.എ ജനറൽബോഡി യോഗം പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ക്ലാസ് അടിസ്ഥാനത്തിൽ പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് പ്രതിനിധികളെയും യോഗം തിരഞ്ഞെടുത്തു

മുൻ പി.ടി. എ പ്രസിഡണ്ട് വിജയ കുമാർ ചാലിൽ,മുൻ മദർ പിടിഎ പ്രസിഡണ്ട് അശ്വതി രാജീവ് ,മുൻ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെ വേദിയിലേക്ക് ക്ഷണിക്കുകയും ആദരിക്കുകയും ചെയ്തു.



പി ടി എ
പ്രസിഡണ്ട്
അജേഷ്
പി പി



പി ടി എ
വൈസ്
പ്രസിഡണ്ട്
സജി ചോലാട്ട്



മദർ പി ടി എ
പ്രസിഡണ്ട്
ജിഷമോൾ
കെ ജെ



മദർ പി ടി എ
വൈസ്
പ്രസിഡണ്ട്
ഷെറിൻ
ജോസഫ്

## പാചക തൊഴിലാളികൾക്ക് ആദരവർപ്പിച്ച് പി.ടി.എ

സ്കൂളിലെ പാചക തൊഴിലാളികളായ അജിത ചേച്ചിയെയും, ബീന ചേച്ചിയെയും മുൻ പി.ടി.എ എക്സിക്യൂട്ടീവ് ആദരിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു

2025 July 21 Monday

DAILY EXPRESS

St. Joseph's U.P School Vayattuparamba

# LSS & USS പരീക്ഷ പരിശീലനം

വായാട്ടുപറമ്പ് യു.പി സ്കൂളിൽ എൽ.എസ്.എസ്,യു.എസ്.എസ് പരീക്ഷാ പരിശീലനം ജൂലൈ ആദ്യവാരം ആരംഭിച്ചു. ജൂൺ മാസത്തിൽ നടത്തിയ Monthly Test ൽ ഉയർന്ന നിലവാരം പുലർത്തിയ കുട്ടികൾക്കാണ് ഇപ്പോൾ പരിശീലനം നൽകിവരുന്നത്. പാദവാർഷിക പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ മറ്റ് കുട്ടികളെ ഉൾപ്പെടുത്തുന്നതാണ്.ഈ വിദ്യാർഥികൾക്കായി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

USS സ്കോളർഷിപ്പിന് അധ്യാപികമാരായ രാഖി സെബാസ്റ്റ്യനും, സിമി തോമസും LSS സ്കോളർഷിപ്പിന് ആൻമോൾ മാത്യു, സോഫിയ സെബാസ്റ്റ്യൻ,ജോത്സാ ജോസ് എന്നിവരും പരീക്ഷ പരിശീലനത്തിന് നേതൃത്വം കൊടുക്കുന്നു. ഓരോ ദിവസവും വിഷയാടിസ്ഥാനത്തിലാണ് പരിശീലനം നൽകുന്നത്.ആഴ്ചയിലൊരിക്കൽ മാതൃകാ പരീക്ഷയും ക്രമീകരിച്ചിട്ടുണ്ട്.

# ചാന്ദ്രദിന ക്വിസ് വിജയികൾ

**LP**

First



Alphonsa Bobi

Second



Anwin Presanth

**UP**

First



Felix joseph

Second



Anvedhya Rajeesh

Happy Birthday









2025 July 23 Wednesday
DAILY EXPRESS
St. Joseph's U.P School Vayattuparamba

# ചാന്ദ്ര ദിനാചരണം





വായാട്ടുപറമ്പ് യുപി സ്കൂളിൽ 'അമ്പിളിക്കാലം' എന്ന പേരിലാണ് ചാന്ദ്ര ദിനാഘോഷം സംഘടിപ്പിച്ചത്. വിദ്യാർത്ഥി പ്രതിനിധി മിലൻ മാത്യു ബിപിൻ ചാന്ദ്രദിനസന്ദേശം നൽകി.സ്കൂൾ അസംബ്ലിയിൽ വെച്ച് ചാന്ദ്രദിനക്വിസ് മത്സര വിജയികളെ അഭിനന്ദിച്ചു.


ചാന്ദ്രദിനാചരണത്തിന്റെ ഭാഗമായി ക്വിസ് മത്സരം, പ്രസംഗം,കവിതാലാപനം, പാട്ടുകൾ തുടങ്ങിയ വിവിധ പരിപാടികൾ സ്കൂളിൽ സംഘടിപ്പിച്ചു. അധ്യാപികമാരായ ജൂലി ദേവസ്യയും, ആൻമോൾ മാത്യുവുമാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

## എൽ.എസ്.എസ്, യു.എസ്.എസ് ജേതാക്കൾക്ക് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ആദരവ്

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നമ്മുടെ സ്കൂളിൽ ഇക്കഴിഞ്ഞ വർഷം എൽഎസ്എസ്, യു എസ് എസ് സ്കോളർഷിപ്പ് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മൊമെന്റോ നൽകി ആദരിച്ചു.

Happy Birthday





2025 July 25 Friday
DAILY EXPRESS
St. Joseph's U. P School Vayattuparamba

# സ്കൂൾ പാർലമെന്റ് ഇലക്ഷൻ

## 95.6% പോളിംഗ്

വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധം വളർത്തുന്നതിന്റെ ഭാഗമായി ജൂലൈ 23 ന് നടത്തിയ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 95.6% പോളിംഗ് രേഖപ്പെടുത്തി. പൊതുതിരഞ്ഞെടുപ്പുകളിലേതുപോലെ നാമനിർദേശ പത്രിക സമർപ്പണം, സുക്ഷ്മ പരിശോധന, പ്രചാരണം, തിരഞ്ഞടുപ്പ്, പാർലമെന്ററി നേതാക്കളെ തിരഞ്ഞെടുക്കൽ തുടങ്ങി ഇലക്ഷൻ നടപടി ക്രമങ്ങളെല്ലാം പാലിച്ചു കൊണ്ടാണ് ഇലക്ഷൻ നടന്നത്. നാമനിർദ്ദേശ പത്രിക സമർപ്പിച്ച 28 വിദ്യാർത്ഥികളിൽ നിന്നും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 6 വിദ്യാർത്ഥികളാണ് മത്സര രംഗത്തുണ്ടായിരുന്നത്.

മൂന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥികളും വോട്ടിംഗ് രേഖപ്പെടുത്തി. ഇലക്ട്രോണിക് വോട്ടിംഗ് മെഷീന്റെ മാതൃകയിലാണ് വോട്ടെടുപ്പ് നടന്നത്. ക്രമസമാധാനപാലനത്തിനും, തെരഞ്ഞെടുപ്പിന്റെ സുഗമമായി നടത്തിപ്പിനുമായി സ്കൗട്ട് ഗൈഡ്, ജെ.ആർ.സി യൂണിറ്റുകളെ അതാത് യൂണിഫോമിൽ വിന്യസിച്ചിരുന്നു. അധ്യാപകൻ ടിജോ മാത്യുവാണ് ഇലക്ഷൻ നടപടികൾക്ക് നേതൃത്വം നൽകിയത്. നാല് പോളിംഗ് ബൂത്തുകളിലായി 12 ബൂത്ത് ഓഫീസർമാർ തെരഞ്ഞെടുപ്പ് നിയന്ത്രിച്ചു.

School Leader



Vignamuktha Jaimon

Deputy Leader



Milan Mathew Bibin

Secretary



Ahana Mariya Antony

Joint Secretary



Diya Mariya Shiju

2025
July 26
Saturday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

# സ്കൂൾ കലോത്സവം

## ധില്ലം ധില്ലാന 2K25




വിദ്യാരംഗം കലാസാഹിത്യ വേദി വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിക്കാത്ത വിധത്തിൽ ആറ് ഘട്ടങ്ങളിലായി മികവാർന്ന രീതിയിൽ സ്കൂൾ കലോത്സവം സംഘടിപ്പിച്ചു.ഇന്ന് നടന്ന നൃത്ത മത്സരങ്ങളിൽ എൽ.പി, യു. പി വിഭാഗങ്ങളിൽ നിന്ന്  21 വിദ്യാർത്ഥികൾ പങ്കെടുത്തു. കലോത്സവത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ശ്രദ്ധേയമായി. അധ്യാപികമാരായ തെരേസ് മേരി ജോസും ജ്യോതിസ് തോമസുമാണ് സ്കൂൾ കലോത്സവത്തിന് നേതൃത്വം കൊടുത്തത്.

എൽ.പി, യു.പി വിഭാഗങ്ങളിലായി ഇംഗ്ലീഷ്,മലയാളം പദ്യം ചൊല്ലൽ മാപ്പിളപ്പാട്ട്,ലളിതഗാനം,മോണോ ആക്ട്, കഥാപ്രസംഗം,പെൻസിൽ ഡ്രോയിങ്, ജലച്ഛായം, നാടോടിനൃത്തം, ഭരതനാട്യം തുടങ്ങിയ മത്സരങ്ങളാണ് വിവിധ ഘട്ടങ്ങളിലായി സ്കൂൾ കലോത്സവത്തിൽ അരങ്ങേറിയത്. സ്കൂൾതല മത്സര വിജയികൾക്ക്  ഉപജില്ല  കലോത്സവത്തിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്.നമ്മുടെ ക്ഷണം സ്വീകരിച്ച് എത്തിയ പ്രശസ്ത നൃത്ത അധ്യാപകർ  അതുൽ  സാറും, രഞ്ജിനി ടീച്ചറുമാണ്  ഇന്നത്തെ പരിപാടികളുടെ വിധിനിർണ്ണയം നടത്തിയത്.

2025
July 28
Monday

DAILY EXPRESS

St.Joseph's U.P School Vayattuparamba

# Conversa Assembly



ജൂലൈ 23 ന് നടന്ന എൽ..പി തല Conversa അസംബ്ലിയിൽ വിദ്യാർഥികൾ Action Songs, Introducing living things, Story telling, Rhyme Recitation, letter word introduction തുടങ്ങിയ വിവിധ പരിപാടികൾ അവതരിപ്പിച്ചു. സ്നേഹ ടീച്ചറാണ് പരിപാടികൾക്ക് നേതൃത്വം കൊടുത്തത്.

വിദ്യാർഥികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നൽകുന്നതിനായി വായാട്ടുപറമ്പ് യു.പി സ്കൂളിൽ ഇക്കഴിഞ്ഞ മൂന്നുവർഷങ്ങളിലായി നടപ്പിലാക്കിയ പദ്ധതിയാണ് Conversa. എൽ.പി,യു.പി തലങ്ങളിലായി സംഘടിപ്പിക്കുന്ന പ്രത്യേക അസംബ്ലിയിൽ കുട്ടികൾ ഇംഗ്ലീഷ് ഭാഷയിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുന്നു.

## പി.ടി.എ എക്സിക്യൂട്ടീവ് യോഗം



2025-26 അധ്യയന വർഷത്തെ പി.ടി.എ എക്സിക്യൂട്ടീവിന്റെ ആദ്യ മീറ്റിംഗ് പി.ടി.എ പ്രസിഡണ്ട് അജേഷ് പി പിയുടെയും, മദർ പി ടി എ പ്രസിഡന്റ് ജിഷ മോൾ കെ ജെ യുടെയും നേതൃത്വത്തിൽ നടന്നു.

സ്കൂൾ പരിസരത്ത് പച്ചക്കറി തോട്ടം പുനരാരംഭിക്കാനും,ഓണം വിപുലമായ രീതിയിൽ ആഘോഷിക്കുവാനും യോഗം തീരുമാനിച്ചു. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ വരവ്- ചെലവ് കണക്കുകൾ യോഗത്തിൽ അവതരിപ്പിച്ചു.

2025
July 29
Tuesday

DAILY EXPRESS

St. Joseph's U.P School Vayattuparamba

# കരാത്തെ പരിശീലനം

## ആഗസ്റ്റ് 1 ന് പുതിയ ബാച്ച്




നമ്മുടെ സ്കൂളിൽ വെച്ച് ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ 8: 30 മുതൽ 9:30 വരെയാണ് കരാത്തെ പരിശീലനം നൽകുന്നത്. പരിശീലന ഫീസ് മാസം 250 രൂപയാണ്.സ്കൂൾ ഗെയിമിൽ സംസ്ഥാന റഫറിയായ സെൻസെയ് ജിൻസ് മാത്യുവിന്റെ നേതൃത്വത്തിൽ 15 വർഷമായി വായാട്ടുപറമ്പ് യു.പി സ്കൂളിൽ കരാത്തെ പരിശീലനം നൽകിവരുന്നു. 2025 ആഗസ്റ്റ് 1 മുതൽ പുതിയ ബാച്ച് ആരംഭിക്കുന്നതാണ്.

നമ്മുടെ സ്കൂൾ ടീം കേരള സ്റ്റേറ്റ് സ്കൂൾ ഗെയിമിലും നിരവധി ചാമ്പ്യൻഷിപ്പുകളിലും പങ്കെടുത്ത് അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുണ്ട്. സെൻസെയ് ജിൻസ് മാത്യുവിന്റെ മുഖ്യപരിശീലനത്തിൽ നിരവധി വിദ്യാർത്ഥികൾ ഇതിനോടകം ഉയർന്ന ഗ്രേഡ് ബെൽറ്റുകൾ നേടിയിട്ടുണ്ട്. ഇക്കഴിഞ്ഞ 2 വർഷങ്ങളിലായി 12 വിദ്യാർത്ഥികൾ ബ്ലാക്ക് ബെൽറ്റ് കരസ്ഥമാക്കി.ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള ആൺകുട്ടികൾക്കും,പെൺകുട്ടികൾക്കും പരിശീലനം നേടാവുന്നതാണ്.

കെ.പി.എ.സ്. ടി യുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടത്തുന്ന സ്കൂൾതല സ്വദേശ് മെഗാ ക്വിസ് നാളെ നടത്തപ്പെടുന്നതാണ്.

Happy Birthday





2025 July 30 Wednesday
# DAILY EXPRESS
St.Joseph's U.P School Vayattuparamba

# Salute to APJ



## കലാം പതിപ്പ് പ്രകാശനം




## Kalam Wall

വായാട്ടുപറമ്പ് യു.പി സ്കൂളിൽ
എ.പി.ജെ ദിനാചരണത്തോടനു
ബന്ധിച്ച് കലാം അനുസ്മരണ
പരിപാടികൾ, Kalam Wall എന്നിവ
ക്രമീകരിച്ചു.അധ്യാപിക ജ്യോതി
സ് തോമസാണ് പരിപാടികൾക്ക്
നേതൃത്വം കൊടുത്തത്. റവ.ഫാ
റിമൽ സി ആന്റണി എ.പി.ജെ പ
തിപ്പ് സീനിയർ അസിസ്റ്റന്റ് മോളി
ജോസഫിന് നൽകി പ്രകാശനം
നിർവഹിച്ചു. പഠന ഇടവേളകളിൽ
വിദ്യാർത്ഥികൾ Kalam Wall സന്ദ
ർശിച്ചു.

Kalam Wall - കലാമിന്റെ വിവിധ
ഉദ്ധരണികൾ, പോസ്റ്ററുകൾ, കുട്ടി
കൾ വരച്ച കലാമിന്റെ ചിത്രങ്ങൾ,
കൊളാഷ്, പത്രകട്ടിങ്ങുകൾ തുട
ങ്ങി ആകർഷകമായ വിവിധ കാ
ര്യങ്ങൾ ഉൾപ്പെടുത്തി ആകർഷക
മായ വിധത്തിലാണ് ഇത് തയ്യാറാ
ക്കിയത്.കുട്ടികൾ തന്നെ നിർമ്മി
ച്ച മിസൈലിന്റെ മാതൃകയും എ.
പി.ജെ യുടെ 10 പുസ്തകങ്ങളു
ടെ പ്രദർശനവും ഒരുക്കിയിരുന്നു

Happy Birthday





2025 July 31 Thursday

# DAILY EXPRESS

St.Joseph's U.P School Vayattuparamba

## വാങ്മയം പ്രതിഭനിർണയ പരീക്ഷ




കുട്ടികളിൽ മലയാളഭാഷ അഭിരുചിയും, പ്രായോഗിക ശേഷിയും, പദസമ്പത്തും വളർത്തുന്നതിന്റെ ഭാഗമായാണ് വാങ്മയം പ്രതിഭ നിർണയ പരീക്ഷ നടത്തിയത്. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിലാണ് എൽ. പി, യു.പി വിഭാഗങ്ങളിലായി സ്കൂൾതല പരീക്ഷ നടത്തിയത്.

യു.പി വിഭാഗം, എൽ.പി വിഭാഗം പരീക്ഷയ്ക്കാവശ്യമായ ക്രമീകരണങ്ങൾ യഥാക്രമം അധ്യാപികമാരായ അമ്പിളി ജോർജും, ജിറ്റി എം.എ യും നടത്തി. പരീക്ഷയ്ക്ക് അനുവദിച്ച സമയം ഒരു മണിക്കൂറായിരുന്നു സ്കൂൾതല വിജയികൾക്ക് ഉപജില്ലാതല പ്രതിഭ നിർണയ പരീക്ഷയ്ക്ക് പങ്കെടുക്കാവുന്നതാണ്.

## സ്കൂൾതല വിജയികൾ

UP

| FIRST | SECOND | SECOND | SECOND |
| --- | --- | --- | --- |
|  |  |  |  |

LP

| FIRST | SECOND |
| --- | --- |
|  |  |

നമ്മുടെ സ്കൂളിൽ വെച്ച് നടക്കുന്ന കരാത്തെ പരിശീലനത്തിന് നാളെ, ആഗസ്റ്റ് 1 ന് മുതൽ പുതിയ ബാച്ച് ആരംഭിക്കുകയാണ്. രാവിലെ 8: 30 മുതൽ 9:30 വരെയാണ് പരിശീലനം നൽകുന്നത്.